
# കേരള ജനസംഖ്യ



ബ്യൂറോ ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിലെ
ജനസംഖ്യാ ഗവേഷണ കേന്ദ്രം തയാറാക്കിയത്

Sl no. 2371

# കേരള ജനസംഖ്യ

വിസ്തൃതമായ ഇൻഡ്യൻ ഉപഭൂഖണ്ഡത്തിലെ തീരെ ചെറിയ ഒരു ഭാഗമാണല്ലോ കേരളം. എങ്കിലും അനുകൂലമായ കാലാവസ്ഥയും, ഫലപുഷ്ടിയുള്ള മണ്ണുംമൂലം ഇവിടത്തെ കാർഷിക വിളകൾ അത്യന്തം വൈവിദ്ധ്യമാർന്നതാണ്. പ്രകൃതി ഭംഗി ആരുടേയും മനം കവരും. മാത്രമല്ല, തനതായ ഒരു സംസ്ക്കാര പാരമ്പര്യവും ജീവിതരീതിയും ഇവിടെ വളർന്നു വന്നിട്ടുണ്ട്. സാമൂഹ്യ പുരോഗതിയിൽ—പ്രത്യേകിച്ചും വിദ്യാഭ്യാസ ആരോഗ്യ നിലവാരങ്ങളിൽ—ഭാരതത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുൻപന്തിയിലാണ്. ഏതു രംഗത്തും പ്രത്യേകതകളുള്ള കേരളത്തിന്, ജനസംഖ്യാപരമായും പല സവിശേഷതകളുണ്ട്.

1901 മുതൽ ഇങ്ങോട്ടുള്ള എല്ലാ ദശവത്സര സെൻസസ്സ് കണക്കുകളും അനുസരിച്ച്, കേരളത്തിലെ ജനസംഖ്യാവർദ്ധനനിരക്ക്, ഇൻഡ്യയിലേതിനേക്കാൾ കൂടുതലാണ്. മററെല്ലാ സംസ്ഥാനങ്ങളെയും അപേക്ഷിച്ച് ഏററവും കുറഞ്ഞ മരണ നിരക്കും കേരളത്തിൽ തന്നെ. ജനസാന്ദ്രതയുടെ, അഥവാ, ശരാശരി ഒരു ചതുരശ്ര കിലോമീററിൽ നിവസിക്കുന്ന ജനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിലും ഏററവും മുൻപന്തിയിൽ നില്ക്കുന്നതു് കേരളമാണ്. ഇൻഡ്യയിലും മററു സംസ്ഥാനങ്ങളിലും പുരുഷന്മാരുടെ എണ്ണം സ്ത്രീകളേക്കാൾ കൂടുതലാണ്. കേരളത്തിലാകട്ടെ, നേരെ മറിച്ചും! മാത്രവുമല്ല, സ്ത്രീകളുടെ ശരാശരി പ്രതീക്ഷിതായുസ്സ് പുരുഷന്മാർടേതിനേക്കാൾ ഉയർന്നതുമാണ്. നിപാസയോഗ്യങ്ങളായ ഗ്രഹങ്ങളുടെ ക്രമരഹിതമായ വിതരണത്തിന്റെ ഫലമായി അങ്ങിങ്ങായി മാത്രം കാണുന്ന ഗ്രഹസമൂഹങ്ങൾ അടങ്ങിയ ഇൻഡ്യൻ ഗ്രാമങ്ങളിൽ നിന്നും അത്യന്തം വ്യത്യസ്തമാണ് കേരളത്തിലെ ഗ്രാമങ്ങൾ. ഇവയിലധികവും ജനസംഖ്യാക്കണക്കിൽ ഇൻഡ്യൻ ഗ്രാമങ്ങളേക്കാൾ വലിയവയാണ്. ഈ ജനസംഖ്യാ സവിശേഷതകൾ സാമ്പത്തിക സാമൂഹ്യ പുരോഗതിയെ എങ്ങിനെ ബാധിക്കുന്നെന്നും സംസ്ഥാനത്തെ ഓരോ പൗരനും അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണ്.

## ജനസംഖ്യ—വലിപ്പവും വളർച്ചയും

1971-ലെ സെൻസസ്സ് അനുസരിച്ച് കേരളത്തിലെ ജനസംഖ്യ 213.5 ലക്ഷമാണ്. മതിപ്പുകണക്കനുസരിച്ച് 1974 ഏപ്രിൽ ഒന്നിനു് കേരളത്തിലെ ജനസംഖ്യ ഏകദേശം 228.83 ലക്ഷമാണ്. 70 വർഷങ്ങൾക്കുമുമ്പ് അതായതു് 1901-ൽ കേരളത്തിലെ ആകെ ജനങ്ങളുടെ എണ്ണം

64 ലക്ഷം മാത്രമായിരുന്നു. 70 വർഷങ്ങാം കൊണ്ടു് 234 ശതമാനം വദ്ധനവു് ഉണ്ടായ ഇക്കാലത്തു് ഇൻഡ്യയിലെ ജനസംഖ്യ 130 ശതമാനമേ വദ്ധിച്ചൊള്ളു. 1961-71 ലെ വദ്ധനനിരക്കനുസരിച്ചു് ആണ്ടുതോറും കേരളത്തിലെ ജനസംഖ്യ 2.23% വച്ചു വദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഇതനുസരിച്ചു് ഈ കേരളഭൂമിയിൽ ഓരോ ദിവസവും 2000ത്തോളം പിഞ്ചു പുതുമുഖങ്ങാം പ്രത്യക്ഷപ്പെടുന്നെന്നു പറയാം. അങ്ങിനെ ഓരോ വർഷവും ഏഴ്ലക്ഷത്തിൽപരം ശിശുക്കളുടെ മാതാവായിത്തീരുന്നു ഈ കേരളഭൂമി. ഇതു് ഈ നിരക്കിൽ തുടന്നാൽ മതിപ്പുകണക്കനുസരിച്ചു് A.D. 2001 ആകുമ്പോഴേക്കു് കേരളത്തിലെ ജനസംഖ്യ 427.53 ലക്ഷം ആയിരിക്കും. അതായതു് ഇന്നുള്ളതിന്റെ ഇരട്ടി.

വിസ്തീണ്ണത്തിൽ ഭാരതത്തിന്റെ 1.18 ശതമാനമാത്രമുള്ള കൊച്ചു കേരളത്തിൽ, ഭാരതത്തിലെ 3.9 ശതമാനം ജനസംഖ്യയേയാണു് പോററി പുലത്തേണ്ടിയിരിക്കുന്നതു്. ഓരോ സെൻസസ്സു് വർഷങ്ങളിലെ ആകെ ജനസംഖ്യയും സെൻസസ്സു് വർഷങ്ങാംക്കിടയ്ക്കുള്ള ദശവത്സര വദ്ധനനിരക്കും താഴെ പട്ടികയായി കൊടുത്തിരിക്കുന്നു.

ഓരോ ദശാബ്ദത്തിലും ഉണ്ടായ വദ്ധനനിരക്കു്

| വർഷം | ജനസംഖ്യ(ലക്ഷത്തിൽ) | ദശാബ്ദവദ്ധനനിരക്കു് (ശതമാനം) |
|---|---|---|
| 1901 | 63.96 | |
| 1911 | 71.48 | +11.75 |
| 1921 | 78.02 | + 9.16 |
| 1931 | 95.07 | +21.85 |
| 1941 | 110.32 | +16.04 |
| 1951 | 135.49 | +22.82 |
| 1961 | 169.04 | +24.76 |
| 1971 | 213.47 | +26.29 |

## വദ്ധനവിന്റെ കാരണം

എന്തുകൊണ്ടാണു് കേരളത്തിലെ ജനസംഖ്യ ഇങ്ങനെ വദ്ധിക്കുന്നതു്? മുമ്പില്ലാതിരുന്ന ഏതെങ്കിലും സ്ഥിതിവിശേഷം ഇതിനു കാരണമാണോ? കാലത്തിന്റെ ഗതിക്കൊപ്പം നമ്മുടെ എണ്ണം തുടച്ചയായി മാറിക്കൊണ്ടിരിക്കയാണല്ലോ. ഓരോ പുതിയ ജനനവും ആകെ ജനങ്ങളുടെ എണ്ണത്തെ വദ്ധിപ്പിക്കുമ്പോാം, ഓരോ മരണവും ഈ എണ്ണത്തിൽ കറവുവരുത്തുന്നു. പരസ്പരവിരുദ്ധങ്ങളായ ഈ പ്രതിഭാസങ്ങളുടെ ഏററക്കറച്ചിൽ അനുസരിച്ചാണു് ആകെ ജനസംഖ്യയിൽ മാററം വരുന്നതു്.

കൂടാതെ ചെറിയ തോതിലുള്ള ദേശാന്തരഗമനവും ജനസംഖ്യാവർദ്ധനവിനെ ബാധിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ ജനസംഖ്യാവർദ്ധനവിന്റെ പ്രധാനകാരണം ജനനനിരക്കും മരണനിരക്കും തമ്മിൽ ഉണ്ടായ ഗണ്യമായ അന്തരമാണ്. ഇതു് ഒരു പുതിയ സ്ഥിതി വിശേഷമാണ്. വൈദ്യശാസ്ത്രപുരോഗതിയുടേയും പ്രത്യേകിച്ച നമ്മുടെ സംസ്ഥാനത്തെ പൊതുജനാരോഗ്യ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റേയും കേരള ജനതയുടെ ശുചിത്വ ബോധത്തിന്റേയും ഫലമായി മരണനിരക്കിൽ നാം മററു വികസിത രാഷ്ട്രങ്ങളോടൊപ്പം എത്തിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇതിനനുസൃതമായി ജനനനിരക്കുകൾ കുറഞ്ഞിട്ടില്ല.

## ജനനമരണനിരക്കുകൾ

ഓരോ കൊല്ലത്തിലും ആകെയുണ്ടാകുന്ന ജനനങ്ങളും മരണങ്ങളും ആ കൊല്ലത്തിലുള്ള ആയിരം ജനങ്ങൾക്കു് എത്രയെന്നു് കണക്കാക്കി പറയാറുണ്ട്. ഇവയെ യഥാക്രമം ജനന നിരക്കു് എന്നും മരണ നിരക്കു് എന്നും പറയുന്നു. ജനസംഖ്യയുടെ നിരന്തരമായ ചലനാത്മകതക്കു് കാരണമെന്നു ചൂണ്ടിക്കാണിച്ച ഈ ജനന മരണ നിരക്കുകൾ എത്രയാണു്? അവയുടെ ഗതിവിഗതികൾ എന്താണു്? ഈ പരിശോധന ഏററവും പ്രയോജന പ്രദമായിരിക്കുമല്ലോ.

സമീപകാലത്തെ ചില കണക്കുകൾ മാത്രം നോക്കാം. 1931-40 കാലഘട്ടത്തിൽ കേരളത്തിലെ ജനനനിരക്കു് ആയിരം ആളുകൾക്കു് 40-ഉം മരണനിരക്കു് 25-ഉം ആയിരുന്നു. ജനസംഖ്യാവർദ്ധനവിനു് ഇടയാക്കുന്ന ഈ രണ്ടു നിരക്കുകളുടേയും വിടവു് 15 മാത്രം. അടുത്ത ദശകത്തിൽ 1941-50-ൽ ജനനനിരക്കു് 39.8-ഉം മരണനിരക്കു് 20-ഉം ആയിരുന്നു. ഇവ തമ്മിലുള്ള വ്യത്യാസം 19.8-ഉം. അടുത്ത ദശകത്തിലാകട്ടെ ഈ നിരക്കുകൾ തമ്മിലുള്ള വിടവു് വീണ്ടും വർദ്ധിക്കുന്നു. 1951-60-ൽ ജനനനിരക്കു് 38.9-ഉം, മരണനിരക്കു് 16.1-ഉം. ഇവ തമ്മിലുള്ള വ്യത്യാസം 22.8. 10000-നു് 4 എന്ന കണക്കിൽ ഈ ദശകത്തിൽ കേരളത്തിലേക്കു് വന്നതിനെ അപേക്ഷിച്ചു് വെളിയിലേക്കു് ആളുകൾ പോയിട്ടുണ്ട്. അങ്ങിനെ പ്രതിവർഷ വർദ്ധനനിരക്കു് 22.4. 1971-ലെ മതിപ്പു കണക്കനുസരിച്ചു് ജനനനിരക്കു് 31.9-ഉം മരണനിരക്കു് 9.2-ഉം ആണു്. ഈ നിരക്കുകൾ തമ്മിലുള്ള വ്യത്യാസം 22.7. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് കേരളത്തിലെ മരണനിരക്കു് ഏററവും കുറവാണു്. മതിപ്പുകണക്കനുസരിച്ചു് 1970-ലെ ഭാരതത്തിലെ മരണനിരക്കു് 15.9 ആണു്.

ജനനനിരക്കിന്റെ കാര്യത്തിൽ ഭാരതത്തിനെ അപേക്ഷിച്ചു് കേരളത്തിലെ ജനനനിരക്കു് എല്ലായ്പ്പോഴും കുറവായിരുന്നു എന്നുള്ളതു് ഒരു യഥാർത്ഥ്യമാണു്. ഇതിനുള്ള പ്രധാന കാരണങ്ങൾ പ്രത്യുല്പാദന പ്രായപരിധിയിൽപ്പെട്ട (അതായതു് 15 വയസ്സുമുതൽ 44 വയസ്സുവരെയുള്ള)

സ്ത്രീകളിൽ അവിവാഹിതരായവരുടെ അനുപാതക്കൂടുതലും സ്ത്രീകളുടെ ഇടയ്ക്കുള്ള ഉയർന്ന വിവാഹ പ്രായവുമാണ്. ഉദാഹരണത്തിന് 1961-ലെ കണക്കനുസരിച്ച് 15 മുതൽ 24 വരെ വയസ്സുള്ള കേരളത്തിലെ സ്ത്രീകളിൽ 43% അവിവാഹിതരാണ്. എന്നാൽ ഇൻഡ്യയിൽ ഈ പ്രായത്തിലുള്ള സ്ത്രീകളിൽ 10 ശതമാനം മാത്രമേ അവിവാഹിതരായുള്ളു. പക്ഷെ വിവാഹിതരായവരുടെ സന്താനോല്പാദന നിരക്ക് കേരളത്തിൽ കൂടുതലാണ്. അങ്ങിനെ അവിവാഹിതരുടെ ഉയർന്ന അനുപാതവും സ്ത്രീകളുടെ ഉയർന്ന വിവാഹപ്രായവും ജനനനിരക്കിനെ കുറയ്ക്കാൻ അനുകൂലിക്കുമ്പോൾ വിവാഹിതരുടെ ഉയർന്ന സന്താനോല്പാദനശേഷിനിരക്ക് ജനനനിരക്കിനെ ഉയർത്താൻ സഹായിക്കുന്നു. എന്നാൽ സമീപകാലത്തു നടപ്പാക്കിക്കൊണ്ടിരിക്കുന്ന കുടുംബാസൂത്രണ പരിപാടികൾ വർദ്ധിച്ചുവരുന്ന ജനനനിരക്കിനെ തടഞ്ഞു നിറുത്താൻ കുറെയൊക്കെ സഹായിച്ചിട്ടുണ്ട്.

## ആയുർദൈർഘ്യം

മരണനിരക്കിലുള്ള കുറവിന്റെ ഫലമായി കേരളത്തിൽ ശരാശരി ആയുർദൈർഘ്യം കൂടുതലാണ്. 1911-20-ൽ വെറും 25-ൽ നിന്നും 1951-60-ൽ 48 ആയി ഉയർന്നു. എന്നാൽ 1951-60-ലെ ഇൻഡ്യയിലെ ആയുർദൈർഘ്യം 41 ആയിരുന്നു. ഇൻഡ്യയുടേയും മററു സംസ്ഥാനങ്ങളുടെ നിലയിൽ നിന്നും വ്യത്യസ്ഥമായി കേരളത്തിൽ സ്ത്രീകളുടെ ആയുർദൈർഘ്യം കൂടുതലാണ്. 1951-60-ൽ സ്ത്രീകളുടെ ആയുർദൈർഘ്യം 50 ആയിരുന്നപ്പോൾ പുരുഷന്മാരുടേതു് 46 മാത്രമായിരുന്നു. മതിപ്പുകണക്കുകളനുസരിച്ച് 1971-ൽ കേരളത്തിലെ സ്ത്രീകളുടെ ആയുർദൈർഘ്യം 61.2-ഉം പുരുഷന്മാരുടേതു് 60.6-ഉം ആണ്.

**ജനസാന്ദ്രത:-** ഭൂമിയിലുള്ള ജനപ്പെരുപ്പത്തിന്റെ സമ്മർദ്ദം ജനസാന്ദ്രതയിൽ നിന്നും മനസ്സിലാക്കാം. 1971-ലെ സെൻസസ്സ് അനുസരിച്ച് കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീററിൽ 549 ആണ്. ഇൻഡ്യയിലോ 178-ഉം. നിശ്ചിതഭൂപരിധിക്കുള്ളിൽ തുടർച്ചയായി ഉണ്ടായ ജനസംഖ്യാവർദ്ധനവിന്റെ ഫലമായി 1901-ൽ 165 ആയിരുന്ന ജനസാന്ദ്രതയാണ് ഇപ്പോൾ 549 ആയിരിക്കുന്നതു്. മററു സംസ്ഥാനത്തേയും ജനസാന്ദ്രത ഇത്ര ഉയർന്നതല്ല. വ്യാവസായികമായി പുരോഗമിച്ച രാജ്യങ്ങൾ പോലും ഇത്ര കടുത്ത ജനസാന്ദ്രത താങ്ങുന്നില്ല. അമേരിക്കാ, റഷ്യ ഈ ഭൂഖണ്ഡങ്ങളിലെ ജനസാന്ദ്രത ചതുരശ്ര കിലോ മീററിന് 12-ൽ കൂടുതലില്ല. തീരപ്രദേശങ്ങളിലെ ജനസാന്ദ്രത വളരെ ഉയർന്നതാണ്. 1385 ജില്ലകളിൽ ആലപ്പുഴയുടെ ജനസാന്ദ്രത 1128 ആണ്. കൃഷിഭൂമിയെ മാത്രം കണക്കിലെടുക്കുകയാണെങ്കിൽ സംസ്ഥാനത്തെ ജനസാന്ദ്രത 983 ആണ്.

## സ്ത്രീപുരുഷ അനുപാതം

ആകെയുള്ള ജനങ്ങളിൽ സ്ത്രീകളുടെ അനുപാതം എന്തുകൊണ്ടും പ്രാധാന്യമുള്ള ഒന്നാണല്ലോ. കേരളത്തിൽ 1901 മുതൽ 1971 വരെയുള്ള ഓരോ സെൻസസ്സ് കണക്കുകളിലും കാണുന്നത് പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾ ഉണ്ടെന്നാണ്. 1901-ൽ 1000 പുരുഷന്മാർക്ക് 1004 സ്ത്രീകൾ ഉണ്ടായിരുന്നത് ക്രമമായി വർദ്ധിച്ച് 1951-ൽ 1028 ആയി ഉയർന്നു. 1971 ആയപ്പോഴേക്ക് അത് 1016 ആയികുറഞ്ഞു. ഭാരതത്തിലാകട്ടെ എല്ലാ സെൻസസ്സ് കാലഘട്ടങ്ങളിലും സ്ത്രീകളുടെ എണ്ണം കുറവായിരുന്നു. 1971-ൽ അത് 930 ആണ്. 1971-ലെ കണക്കനുസരിച്ച് സ്ത്രീപുരുഷ അനുപാത കൂടുതലുള്ള വേറൊരു സംസ്ഥാനവും ഇൻഡ്യയിൽ ഇല്ല.

## ഗ്രാമീണരും നഗരവാസികളും

1971-ലെ കണക്കനുസരിച്ച് ആകെ ജനങ്ങളിൽ 16.24 ശതമാനം മാത്രമാണ് നഗരവാസികൾ; ബാക്കി 83.76 ശതമാനം പേരും ഗ്രാമങ്ങളിലാണ് നിവസിക്കുന്നത്. പക്ഷെ ആദ്യം സൂചിപ്പിച്ച പ്രത്യേക രീതിയിലുള്ള ഗൃഹങ്ങളുടെ സംവിധാനഫലമായി, കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള വ്യത്യാസം, മററു രാജ്യങ്ങളിലെപ്പോലെ എടുത്തു പറയത്തക്കതല്ല. കേരളത്തിലെ നഗരവൽക്കരണത്തിൻെറ തോതും ഒട്ടും കൂടുതലല്ല. ഉയർന്ന ജനസാന്ദ്രതയുണ്ടായിട്ടും ഈ അവസ്ഥക്കു കാരണം, വ്യവസായവൽക്കരണത്തിലെ പിന്നോക്കാവസ്ഥയാണ്. മൂന്ന് കോർപ്പറേഷനും 27 മുനിസിപ്പാലിററികളും ഉൾപ്പെടെ 88 പട്ടണങ്ങളാണ് കേരളത്തിലുള്ളത്.

## പ്രായഘടന

പ്രായം ഓരോ വ്യക്തിയേയും സംബന്ധിച്ച് അതിപ്രാധാന്യമുള്ളതാണ്. പ്രായാടിസ്ഥാനത്തിൽ ആകെ ജനങ്ങളുടെ ഘടനയും, അത്യധികം പ്രാധാന്യമുള്ളതാണ്. പ്രത്യേകിച്ചും സാമ്പത്തികസാമൂഹ്യവികസനാസൂത്രണത്തിൽ 1971-സെൻസസ്സ് അനുസരിച്ച് കേരത്തിലെ ജനങ്ങളിൽ 40.26 ശതമാനം 15 വയസ്സിൽ താഴെയുള്ളവരാണ്. വികസ്വരരാജ്യങ്ങളിൽ ഈ ശതമാനം 30-ൽ താഴെ വരികയുള്ളൂ. 15-59 പ്രായപരിധിയിൽപ്പെടുന്നവർ തൊഴിൽ വിഭാഗത്തിൽ പെടുമെന്നു കണക്കാക്കിയാൽ അവരിൽ എല്ലാപേർക്കും തൊഴിൽ ഇല്ല എന്നുള്ളതു മറെറാരു കാര്യം. ആകെയുള്ള ജനങ്ങളിൽ 53.51 ശതമാനം പേർ തൊഴിൽ പ്രായത്തിൽ വരും. ബാക്കി6.23 ശതമാനം പേർ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരുമാണ്. പ്രായഘടനയുടെ ഈ പ്രത്യേകതമൂലം തൊഴിൽ വിഭാ

ഗത്തിൽപ്പെട്ട ഒരോ നൂറുപേരും 87 ആശ്രിതരെ കൂടി തീററിപ്പോറേറണ്ട താണ്. യഥാർത്ഥത്തിൽ ജോലിചെയ്യുന്നവരുടെ എണ്ണത്തെ അടിസ്ഥാനമാക്കി, ആശ്രിതത്വഭാരം കണക്കാക്കിയാൽ സ്ഥിതി ഇതിലും കഷ്ടമായിരിക്കും.

## സാമ്പത്തിക സാമൂഹ്യഫലങ്ങൾ

കൃഷിഭൂമി വദ്ധിക്കാൻ സാധ്യതയില്ലാത്ത സാഹചര്യത്തിൽ, വദ്ധിക്കുന്ന ജനസാംഖ്യയുടെ ഫലം ഊഹിക്കാവുന്നതേയുള്ളൂ. 1901-ൽ ആളോഹരിഭൂമി 151 സെൻറ് ആയിരുന്നതു് 1961 ആയപ്പോഴേക്കും 57 സെൻറും, 1971-ൽ 45 സെൻറും ആയി കുറഞ്ഞു. കൃഷിഭൂമി മാത്രം കണക്കിലെടുത്താൽ 1971-ൽ ആളോഹരിഭൂമി 25 സെൻറു മാത്രമേ വരികയുള്ളു.

ഭക്ഷ്യോല്പാദനം എത്ര വദ്ധിച്ചാലും നമ്മുടെ ഭക്ഷ്യക്കമ്മി കുറയാത്തതിനുകാരണം മറെറാന്നുമില്ല. 1955-56ൽ 8.8 ലക്ഷം ടൺ അരി ഉല്പാദിപ്പിച്ചിരുന്നതു് 1972-73 ആയപ്പോഴേക്കും 13.76 ലക്ഷം ടണ്ണായി വദ്ധിച്ചു. 1972-73ൽ ഹെക്ടാർ ഒന്നിനു് ശരാശരി 15.75 കി. ഗ്രാം നെല്ലു് ഉല്പാദിപ്പിക്കുന്നുണ്ടെന്നാണു് മതിപ്പുകണക്കു്. കേരളത്തിൽ ഉല്പാദിപ്പിച്ച 13.76 ലക്ഷം ടൺ അരിയും കേന്ദ്രത്തിൽനിന്നു് ലഭിച്ച അരിയും ഗോതമ്പും ഉൾപ്പെടെ 1973-ൽ ഒരാളിനു് ഒരു ദിവസം 270 ഗ്രാം എന്ന കണക്കിലേ ഭക്ഷ്യധാന്യം ലഭിച്ചുള്ളൂ. പ്രായപൂത്തിയായ ഒരാളിനു് 400 ഗ്രാം ഭക്ഷ്യധാന്യം എന്ന തോതിൽ കണക്കാക്കിയാൽ, നമ്മുടെ കമ്മി ഊഹിക്കാവുന്നതേയുള്ളൂ. നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീണ്ണം വദ്ധിക്കാനുള്ള യാതൊരു സാദ്ധ്യതയും ഇല്ലാത്ത നമ്മുടെ സംസ്ഥാനത്തു് ഏക്കറൊന്നിനു് ശരാശരി ഉല്പാദനം വദ്ധിപ്പിക്കുന്നതുകൊണ്ടുമാത്രം നമ്മുടെ ഭക്ഷ്യക്കമ്മി നികത്താനാവില്ല. ശരാശരി ഉല്പാദനം വദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ ജനപ്പെരുപ്പവും തടഞ്ഞില്ലെങ്കിൽ ഭക്ഷ്യനിലവാരം ആരോഗ്യകരമായ നിലവാരത്തിലേക്കു് ഉയത്താൻ നമുക്കു് സാധിക്കുകയില്ല.

## സാക്ഷരതവും വിദ്യാഭ്യാസവും

സാക്ഷരതത്തിന്റെ കാര്യത്തിൽ ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് കേരളം വളരെ മുൻപന്തിയിലാണെന്നുള്ളതു് നമുക്കു് അഭിമാനകരംതന്നെ. കേരളത്തിലെ ആകെ ജനങ്ങളിൽ 60 ശതമാനം പേരും അക്ഷരാഭ്യാസമുള്ളവരാണു്. എന്നാൽ ഇൻഡ്യയിൽ ഇതു് വെറും 29.5 ശതമാനം മാത്രമാണു്. സ്ത്രീകളാകട്ടെ 54 ശതമാനം പേരും അക്ഷരാഭ്യാസമുള്ളവരാണു്. ഇൻഡ്യയിൽ ഇതു് വെറും 18.7 ശതമാനം മാത്രമാണു്. കേരളത്തിലെ പുരുഷന്മാരിൽ 66.6 ശതമാനംപേരും അക്ഷരാഭ്യാസമുള്ളവരാണു്.

കേരളത്തിലെ ജനങ്ങളിൽ 40 ശതമാനവും 15 വയസ്സിൽ താഴെയുള്ള വരാണെന്നു പറഞ്ഞുവല്ലോ. തന്മൂലം ഭാരിച്ച വിദ്യാഭ്യാസച്ചിലവ് സർക്കാരും ഓരോ കുടുംബവും വഹിക്കേണ്ടിവരുന്നു. 1973-74ൽ കേരളത്തിൽ 6904 പ്രൈമറി സ്കൂളുകളും, 2548 യു. പി. സ്കൂളുകളും 1404 ഹൈസ്കൂളുകളും 120 കോളേജുകളും 105 ബേസിക് ട്രെയിനിംഗ് സ്കൂളുകളും ഉണ്ടായിരുന്നു. 1957-58ൽ 28.4 ലക്ഷം സ്കൂൾകുട്ടികൾ ഉണ്ടായിരുന്നത് 1973-74ൽ 52.7 ലക്ഷമായി വർദ്ധിച്ചു.

1973-74ൽ സ്കൂൾവിദ്യാഭ്യാസച്ചിലവ് 69.32 കോടി രൂപയായിരുന്നു. ഇത് മൊത്തം ചിലവിൻെറ 31.1 ശതമാനം വരും. ഇൻഡ്യയിലാകമാനം വിദ്യാഭ്യാസച്ചിലവ് മൊത്തം ചിലവിൻെറ 19.4 ശതമാനം മാത്രമാണ്. കഴിഞ്ഞ ഇരുപതു് ഇരുപത്തിയഞ്ചു വർഷങ്ങളിൽ കുറവല്ലാതിരുന്ന ജനനനിരക്ക് ജനിച്ച കുട്ടികളിൽ അധികംപേരും മരണത്തെ അതിജീവിച്ച് വളർന്നതിൻെറ ഫലമായി, കഴിഞ്ഞ ഇരുപതു് വർഷങ്ങളോളം സ്കൂളുകളിലും കോളേജുകളിലും തുടർച്ചയായി വന്നുകൊണ്ടിരുന്ന വിദ്യാർത്ഥിസമൂഹം നമ്മുടെ വിദ്യാഭ്യാസ രംഗത്തെ ചിലവ് ക്രമാതീതമായി ഊതിവീർപ്പിക്കാൻ ഇടയായിട്ടുണ്ട്. വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ഈ വൻപിച്ച മുതൽമുടക്കിന്റെ പ്രതിഫലം സമൂഹത്തിനു് വേണ്ടത്ര ലഭിക്കുന്നുമില്ലാ, വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മ മൂലം.

## തൊഴിലില്ലായ്മ

1971-ലെ സെൻസസ്സ് പ്രകാരം ആകെ ജനങ്ങളിൽ ജോലിചെയ്യുന്നവരുടെ ശതമാനം 29.12 ആണ്. 1961-ൽ ഇതു് 33.31 ആയിരുന്നു. ആകെ ജോലി ചെയ്യുന്നവരിൽ 30.69 ശതമാനം പേരും കർഷകതൊഴിലാളികളാണ്. കൃഷിക്കാരാകട്ടെ 17.80 ശതമാനവും. എല്ലാവ്യവസായ മേഖലയിലും കൂടി ജോലിക്കാർ (workers) 15.73 ശതമാനമാണ്. ആകെ ജോലിക്കാരിൽ മററു സേവനങ്ങളിലെ ശതമാനം 1961-ൽ നിന്നും കുറഞ്ഞിരിക്കുമ്പോൾ കർഷകത്തൊഴിലാളിയുടെ ശതമാനം കൂടിയിരിക്കുകയാണ്. താരതമ്യേന കുറഞ്ഞതോതിലെങ്കിലും എല്ലാ തൊഴിൽ വിഭാഗത്തിലും സ്ത്രീകൾക്ക് പങ്കുണ്ടെന്നുള്ളതു് എടുത്തുപറയേണ്ട കാര്യമാണ്.

കേരളത്തിലെ തൊഴിലില്ലായ്മയുടെ രൂക്ഷതയെപ്പററി പ്രത്യേകം പറയേണ്ടതില്ലല്ലോ. ഓരോ കാലഘട്ടങ്ങളിലും സൃഷ്ടിക്കപ്പെടുന്ന പുതിയ തൊഴിൽ അവസരങ്ങളെ അപേക്ഷിച്ചു്, അതേ കാലഘട്ടത്തിൽ തന്നെ തൊഴിൽ രംഗത്തേക്ക് വരുന്ന പുതുമുഖങ്ങളുടെ എണ്ണക്കൂടുതൽ കൊണ്ടു് തൊഴിലില്ലായ്മ അപരിഹാര്യമായിത്തന്നെ തുടരുന്നു.

തൊഴിലില്ലായ്മക്കമ്മററിയുടെ മതിപ്പ് കണക്കനുസരിച്ചു് 1970-ൽ തൊഴിലില്ലാത്തവർ 9 ലക്ഷവും വേണ്ടത്ര തൊഴിലില്ലാത്തവർ 18 ലക്ഷവും വരും. Employment Exchange ലെ രജിസ്ട്രേഷൻ കണക്കുകൾ അമ്പരപ്പിക്കുന്നവയാണ്. ഉയർന്ന സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരിൽപ്പോലും തൊഴിലില്ലായ്മ നടമാടുന്ന സ്ഥിതി വിശേഷമാണ്

കേരളത്തിൽ. തൊഴിൽ രംഗത്തെ ഈ തിരക്കു് അടുത്തെങ്ങും അവസാനിക്കാൻ പോകുന്നില്ല. പ്രത്യേകിച്ചും പുതിയ തൊഴിലവസരങ്ങൾക്കു് ആവശ്യമുള്ള മൂലധനക്കുറവിന്റെ കാര്യം പരിഗണിക്കുമ്പോൾ. ജനസംഖ്യാനിയന്ത്രണ പരിപാടികളിലൂടെ തൊഴിൽ രംഗത്തേക്കുള്ള പുതുമുഖങ്ങളുടെ പ്രവാഹം തടയാനുള്ള ശ്രമം വിജയിച്ചാൽത്തന്നെ അവയുടെ ഫലം പതിനഞ്ചോ ഇരുപതോ വർഷങ്ങൾ കഴിയാതെ തൊഴിൽ രംഗത്തു് അനുഭവപ്പെടുകയില്ല.

## ആളോഹരിവരുമാനം

സാമ്പത്തിക വികസനത്തിന്റെയും ജീവിതനിലവാരത്തിന്റെയും ഒരു സുപ്രധാന സൂചികയായി കണക്കാക്കിവരുന്ന ആളോഹരി വരുമാനത്തിൽ വേണ്ടത്ര വർദ്ധനവു് അനുഭവപ്പെടാത്തതും, തുടർച്ചയായ ജനസംഖ്യ വർദ്ധനവു് മൂലമാണു്. 1960-61-ൽ കേരളത്തിലെ പ്രതിശീർഷ വരുമാനം 265 രൂപാ ആയിരുന്നതു് അതേവർഷത്തെ വില നിലവാരം അനുസരിച്ചു് 1971-72-ൽ 290 രൂപാ ആയി ഉയർന്നു. ഇതേ കാലഘട്ടത്തിൽ സ്റ്റേററിന്റെ ആകെ വരുമാനം 60-61-ലെ വിലനിലവാരമനുസരിച്ചു് 41 ശതമാനം വർദ്ധിച്ചപ്പോൾ പ്രതിശീർഷ വരുമാനം 9 ശതമാനം മാത്രമേ വർദ്ധിച്ചിട്ടുള്ളു. ഈ വിടവിന്റെ കാരണം വരുമാനം പങ്കിടാനുള്ള ജനസംഖ്യയുടെ വർദ്ധനവാണെന്നു് വ്യക്തമാണല്ലൊ.

## കുടുംബാസൂത്രണം

നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പലതിനും ഉറവിടമായ ഈ ജനപ്പെരുപ്പം തടയാൻ നാം സ്വീകരിച്ച മാർഗ്ഗങ്ങളിൽ ഏററവും പ്രധാനമായതാണു് കുടുംബാസൂത്രണപരിപാടി. 1955-ൽ ഏററവും ചുരുങ്ങിയ തോതിൽ തുടങ്ങിയ ഈ പരിപാടി ഇന്നു് സംസ്ഥാനമാകെ വ്യാപിച്ചു കിടക്കുന്ന 158 ഗ്രാമീണ കുടുംബാസൂത്രണ ക്ലിനിക്കുകളും 21 നഗര കുടുംബാസൂത്രണ ക്ലിനിക്കുകളും 1603 കുടുംബാസൂത്രണ ഉപകേന്ദ്രങ്ങളും ഉൾക്കൊള്ളുന്ന ഒരു വലിയ സംഘടനയായി തീർന്നിരിക്കുകയാണു്. കൂടാതെ ഓരോ ജില്ലയിലും വന്ധ്യീകരണത്തിനും ലൂപ്പു് നിക്ഷേപത്തിനുമായി ഓരോ സഞ്ചരിക്കുന്ന യൂണിററുകളുമുണ്ടു്. കുടുംബാസൂത്രണ പ്രവർത്തനങ്ങളുടെ ത്വരിതമായ പുരോഗതി ഈ പരിപാടിയുടെ ചിലവിൽക്കാണുന്ന ക്രമപ്രവൃദ്ധമായ വർദ്ധനവിൽ നിന്നും എത്താണ്ടു് മനസ്സിലാക്കാം. 1958-59-ൽ 2 ലക്ഷത്തിൽ താഴെ മാത്രം രൂപാ ചിലവായപ്പോൾ 1972-73-ൽ അതു് 324 ലക്ഷം രൂപായായിരുന്നു. ചിലവിനോടൊപ്പം നമ്മുടെ നേട്ടങ്ങളും വർദ്ധിച്ചിട്ടുണ്ടു്.

1955-ൽ വളരെ ചെറിയ തോതിൽ മാത്രം ആരംഭിച്ച വന്ധ്യീകരണ ശസ്ത്രക്രിയകളുടെ എണ്ണം 1973-74 അവസാനമായപ്പോഴേക്കും 705359

ആയി. 1965-ൽ തുടങ്ങിയ ലൂപ്പ് നിക്ഷേപം 1973 അവസാനമായപ്പോഠം 272138 ആയി. മററു ഗർഭനിരോധന മാർഗ്ഗങ്ങളും ഇന്നു് വളരെ അധികം ആളുകഠം സ്വീകരിച്ചു വരുന്നു.

## ജനനനിരക്കിലുള്ള പ്രത്യാഘാതം

1972 അവസാനം വരെ വിവിധ കുടുംബാസൂത്രണ പരിപാടികഠം വഴി ആകെ 7.64 ലക്ഷം ജനനം തടയപ്പെട്ടതായി കണക്കാക്കിയിരിക്കുന്നു. ഇതിൽ വന്ധീകരണംമൂലം തടയപ്പെട്ട ജനനങ്ങഠം 5.42 ലക്ഷവും ലൂപ്പു നിക്ഷേപം മൂലം തടയപ്പെട്ട ജനനങ്ങഠം 1.27 ലക്ഷവുമാണു്.

ഇപ്രകാരം തടയപ്പെട്ട ജനനങ്ങളുടെ ഫലമായി നമ്മുടെ ജനന നിരക്കിൽ സാരമായ കുറവു് വന്നിട്ടുണ്ടു്. 1951-60 ദശകത്തിൽ കേരളത്തിലെ ജനനനിരക്കു് 1000-നു് 38.9 എന്ന തോതിലായിരുന്നു. 1972 അവസാനം വരെ തടയപ്പെട്ട ജനനങ്ങളുടെ അടിസ്ഥാനത്തിൽ ജനന നിരക്കു് തിട്ടപ്പെടുത്തിയപ്പോഠം അതു് 1000-നു് ഏകദേശം 32 എന്ന തോതിൽ കുറഞ്ഞിട്ടുള്ളതായി കണ്ടു. ഈ ജനനനിരക്കു് ശരിയാണെന്നു് ഈ സംസ്ഥാനത്തു് ജനനമരണനിരക്കു് തിട്ടപ്പെടുത്താൻ നടത്തുന്ന സാമ്പിഠം രജിസ്ട്രേഷൻ സർവേയിലെ കണക്കുകളും തെളിയിക്കുന്നുണ്ടു്. 1000-നു് 39 എന്ന തോതിൽ നിന്നും 1000-നു് 32 എന്ന തോതിൽ ജനനനിരക്കു് കുറക്കാൻ സാധിച്ചതു് ഒരു വൻപിച്ച നേട്ടമാണു് എന്നതിനു് രണ്ടഭിപ്രായമില്ല. പക്ഷെ ജനനനിരക്കിലുള്ള ഈ കുറവു് സംതൃപ്തിക്കു്വക നൽകുന്നില്ല. 1961-70-ലെ വർദ്ധന നിരക്കു് 1000-നു് 26.29 ആണു്. ഇതു് മുൻപു് എപ്പോഴത്തേതിലും ഉയർന്നതാണു്. 1951-60-ൽ കൂടുതലായി ചേർക്കപ്പെട്ട ജനങ്ങളുടെ എണ്ണം 33.55 ലക്ഷമായിരുന്നു. അടുത്ത ദശകത്തിലോ 44.43 ലക്ഷവും. ഇതിനു കാരണം മരണനിരക്കിലുണ്ടായ ഗണ്യമായ കുറവും പ്രത്യുല്പാദന പ്രായത്തിലേക്കു് പുതുതായി കടന്നുവരുന്നവരുടെ വർദ്ധിച്ച തോതിലുള്ള എണ്ണവും ആണു്. മററു വികസിത രാഷ്ട്രങ്ങളിലെ ജനനനിരക്കു് 1000-നു് പതിനേഴും അതിൽ കുറവുമാണു് കാണുന്നതു്. ഈ തിരക്കുമായി താരതമ്യപ്പെടുത്തുമ്പോഠം നമ്മുടെ ഇതേവരെയുള്ള നേട്ടം അഭികാമ്യമായ ഒന്നല്ലെന്നും ജനപ്പെരുപ്പം തടയാനുള്ള ലക്ഷ്യം നേടാൻ നമ്മുടെ ജനനനിരക്കു് ഇനിയും വളരെയധികം കുറക്കേണ്ടിയിരിക്കുന്നു എന്നും മനസ്സിലാക്കാം.

## എന്താണു് ഭാവി

കുടുംബാസൂത്രണരംഗത്തു് ഇനിയും ചെയ്യാനുള്ളതു് ഓർക്കുമ്പോഠം ഇതുവരെയുള്ള നേട്ടം നിസ്സാരമായി തോന്നും. കേരളത്തിലെ കടുത്ത ജനസാന്ദ്രതയുടേയും ഉയർന്ന ജീവിത നിലവാരത്തിനു വേണ്ടിയുള്ള ജനാഭിലാഷങ്ങളുടേയും വെളിച്ചത്തിൽ ജനസംഖ്യയുടെ വലിപ്പം തന്നെ തടഞ്ഞു

നിറുത്തണമെന്ന്—ജനനനിരക്ക് കുറക്കുക മാത്രമല്ല—അംഗീകരിക്കുകയാണെങ്കിൽ കുടുംബാസൂത്രണരംഗത്ത് ഒരു തീവ്രയത്ന പരിപാടി തന്നെ നടപ്പാക്കേണ്ടിയിരിക്കുന്നു. ഏകദേശം 80 ശതമാനം ദമ്പതികളും ഇതുവരേയും കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചവരല്ല. ചില വിഭാഗങ്ങളും പ്രദേശങ്ങളും കുടുംബാസൂത്രണ സ്വീകരണനിരക്കിൽ പുറകിലാണ്. ഈ പ്രദേശങ്ങളേയും വിഭാഗക്കാരേയും കുടുംബാസൂത്രണത്തിന്റെ രക്ഷാവലയത്തിൽ കൊണ്ടു വരാനായിരിക്കണം തീവ്രയത്ന പരിപാടി. ഒരു കുറഞ്ഞ കാലഘട്ടം കൊണ്ട്, മരണനിരക്കിനോട് ഏകദേശമെങ്കിലും അടുപ്പമുള്ള ഒരു ജനനനിരക്ക് എത്തുന്നത് ഇപ്പോഴും തന്നെ താങ്ങാനാവാത്ത ജനസംഖ്യാഭാരം പേറുന്ന ഈ നാടിന് ഒരനുഗ്രഹമായിരിക്കും.

---

**Printed at the F.P. Offset Press, Tvm.**